**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 345** **06-03-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾക്കെതിരെയുള്ള ബദൽ നയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും അഭിമുഖീകരിച്ചുകൊണ്ട് കേരളത്തിന്റെ ക്ഷേമ, വികസന ബദൽ നയങ്ങളുമായി മുന്നോട്ടുപോകുന്നതിന് സംസ്ഥാനത്തിന്റെ ധനകാര്യ-വികസന-ആസൂത്രണ സമീപനത്തിൽ എന്തെല്ലാം കാതലായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക കൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു. |

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞു മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24 ലേയ്ക്ക് 2000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.

- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.

- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യ കരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ ബജറ്റ് വകയിരുത്തലിനുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധന സഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേക്ക് നീക്കിവെച്ചിട്ടുണ്ട്**.** ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

- പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചു-വരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പു-കളുടെ/ സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള സംവിധാനമു-ണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. പ്ലാൻ സ്പേസിന്റെ അധിക ചെലവിലേക്കായി 2023-24 ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>• ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനു വേണ്ടി കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി യെ ചുമതലപ്പെടുത്തുകയും ചെയ്യും. മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പ് വരുത്തുന്നതാണ്. |
| (ബി) | നികുതി, നികുതിയിതര വരുമാനം സമാഹരിക്കുന്നതിൽ സംസ്ഥാനത്തിന്റെ അധികാരം പരിമിതമായിരിക്കുന്നതുമൂലമുള്ള പ്രശ്നം മറികടക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക കൊണ്ട് നേരിടുന്ന തന്ത്രമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ് വ്യവസ്ഥയെ |

പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. സുസ്ഥിര വികസനമെന്ന ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

- വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞു മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24 ലേയ്ക്ക് 2000 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചു.

- നികുതി, നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ വ്യാപകമാക്കി.

- ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യ കരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ ബജറ്റ് വകയിരുത്തലിനുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ക്ഷേമ-വികസന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധന സഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേക്ക് നീക്കിവെച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

| | | | |
|---|---|---|---|
| | | | • പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചു-വരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പു-കളുടെ/ സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം ചെയ്യുന്നതിനുള്ള സംവിധാനമു-ണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. പ്ലാൻ സ്പേസിന്റെ അധിക ചെലവിലേക്കായി 2023-24 ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>• ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനു വേണ്ടി കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പുകളെ സജ്ജമാക്കുകയും ഇതിനായി പരിശീലന പരിപാടികൾ നടത്താൻ ഐ.എം.ജി യെ ചുമതലപ്പെടുത്തുകയും ചെയ്യും. മേൽ പ്രതിപാദിത പ്രവർത്തനങ്ങളിലൂടെ സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പു വരുത്തുന്നതാണ്. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനങ്ങൾക്ക് ഉണ്ടായിട്ടുള്ള വരുമാന നഷ്ടം നികത്തുന്നതിനുള്ള ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ് നീട്ടണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിച്ചിരുന്നോ; ആയതിനോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. ഇതിന്റെ ഭാഗമായി ഒരു വർഷം ശരാശരി 12,000 കോടിയോളം രൂപയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകും.<br><br>ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2022 ജൂൺ മാസത്തിൽ നടന്ന |

| | | | |
|---|---|---|---|
| | | | നാല്പത്തിയേഴാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ഇത് സംബന്ധിച്ച ചർച്ചയുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം പ്രസ്തുത മീറ്റിങ്ങിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല.<br><br>ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജിഎസ്ടിയുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽ നിന്ന് 60:40 അനുപാതത്തിലേക്ക് വർദ്ധിപ്പിക്കുക, അസാധാരണമാം വിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്. ഇക്കാര്യം സംസ്ഥാനം ജി.എസ്.ടി കൗൺസിൽ യോഗങ്ങളിൽ ശക്തമായി ഉന്നയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ